**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2422** **13-09-2023 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യകമ്മീഷന്റെ ഘടനയും പ്രവർത്തനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭക്ഷ്യകമ്മീഷൻ നിലവിൽ വന്നത് എന്നാണെന്നും ഇതിന്റെ ഘടനയും അധികാരങ്ങളും എന്തെല്ലാമാണെന്നും കാലാവധി എന്നുവരെയാണെന്നും അംഗങ്ങളുടെ യോഗ്യത എന്താണെന്നും മെമ്പർ സെക്രട്ടറിമാരായി നിയോഗിക്കുന്ന ഉദ്യോഗസ്ഥരെ ഏതു വകുപ്പിൽ നിന്നാണ് നിയമിക്കുന്നതെന്നുമുള്ള വിശദാംശങ്ങൾ നൽകാമോ; | (എ) | 25.06.2019-ന് നിലവിൽ വന്ന സംസ്ഥാന ഭക്ഷ്യ കമ്മീഷനിൽ, ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി, 5 അംഗങ്ങൾ എന്നിവരാണ് ഉൾപ്പെടുന്നത്. ചെയർപേഴ്സന്റെയും അംഗങ്ങളുടെയും കാലാവധി 5 വർഷം അല്ലെങ്കിൽ 65 വയസ്സുവരെയാണ്.<br><br>ആൾ ഇന്ത്യാ സർവ്വീസിലോ മറ്റേതെങ്കിലും കേന്ദ്ര സംസ്ഥാന സിവിൽ സർവ്വീസുകളിലോ ഉള്ളവരോ, ഉണ്ടായിരുന്നവരോ ഒരു സിവിൽ പോസ്റ്റിൽ നിയമിതനായിരുന്ന, ഭക്ഷ്യ ഭദ്രതാ, കൃഷി, പൊതുവിതരണം, പോഷകാഹാരം, ആരോഗ്യം തുടങ്ങിയ അനുബന്ധ മേഖലകളിര അറിവും പരിചയവുമുള്ളതോ<br><br>അല്ലെങ്കിൽ<br><br>പൊതുരംഗത്ത് പ്രാമുഖ്യമുള്ളതും കൃഷി, നിയമം, മനുഷ്യാവകാശം, സാമൂഹ്യ സേവനം, മാനേജ്മെന്റ്, പോഷകാഹാരം, ആരോഗ്യം, ഭക്ഷ്യ നയവും പൊതുഭരണവും എന്നീ വിഷയങ്ങളിൽ പരിജ്ഞാനവും അറിവും ഉള്ളതോ<br><br>അല്ലെങ്കിൽ<br><br>ദരിദ്ര മേഖലയിൽ ഭക്ഷ്യ പോഷകാഹാര മേഖലകളിൽ ജോലി ചെയ്ത് കഴിവ് തെളിയിച്ചവരോ ആയിരിക്കണം ചെയർമാൻ/ മെമ്പർ ആയി നിയമിക്കപ്പെടേണ്ടതെന്ന് ഭക്ഷ്യഭദ്രതാ നിയമത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്.<br><br>കമ്മീഷനിൽ നിക്ഷിപ്തമായ അധികാരങ്ങൾ ചുവടെപ്പറയുന്നവയാണ്. |

(1) 2013 – ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തിലെ വകുപ്പ് 20(1) പ്രകാരം രണ്ടാം അദ്ധ്യായം വ്യവസ്ഥ ചെയ്തിട്ടുള്ള അവകാശാധികാരങ്ങൾ നിഷേധിക്കപ്പെടുന്നത് സംബന്ധിച്ച പരാതിയിൻമേൽ അന്വേഷണം നടത്തുമ്പോഴും ജില്ലാ പരാതി പരിഹാര ഓഫീസറുടെ ഉത്തരവിനെതിരെ സമർപ്പിക്കപ്പെട്ട അപ്പീൽ പരിഗണിക്കുമ്പോഴും കമ്മീഷന്, 1908-ലെ സിവിൽ നടപടി നിയമ സംഹിത പ്രകാരം സിവിൽ കോടതിയ്ക്കുള്ള എല്ലാ അധികാരങ്ങളും (പ്രത്യേകിച്ചും താഴെ പറയുന്ന സംഗതികളെ സംബന്ധിച്ച്) ഉണ്ടായിരിക്കുന്നതാണ്. അതായത് :-

(i) ഏതൊരു വ്യക്തിയേയും സമൻസ് അയച്ച് വിളിച്ചു വരുത്തുവാനും വിസ്തരിക്കുവാനുമുള്ള അധികാരം

(ii) ഏതെങ്കിലും രേഖയുടെ വെളിപ്പെടുത്തലോ ഹാജരാക്കലോ ആവശ്യപ്പെടാനുള്ള അധികാര

(iii) സത്യവാങ്മൂലത്തിൻമേൽ തെളിവെടുക്കാനുള്ള അധികാരം

(iv) ഏതെങ്കിലും കോടതിയിൽ നിന്നോ ഓഫീസിൽ നിന്നോ ഏതെങ്കിലും പബ്ലിക് രേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടാനുള്ള അധികാരം

(v) സാക്ഷികളെ വിസ്തരിക്കുന്നതിനും രേഖകൾ പരിശോധിക്കുന്നതിനും കമ്മീഷനെ നിയമിക്കാനുള്ള അധികാരം.

(2) സംസ്ഥാന ഭക്ഷ്യ കമ്മീഷന്റെ അർദ്ധ ജുഡീഷ്യൽ അധികാരങ്ങൾ നിർവ്വഹിക്കുന്നതിന് തടസ്സമുണ്ടാക്കുകയോ ബോധപൂർവ്വമായ അനാദരവ് കാട്ടുകയോ ഉൾപ്പെടെ ഇന്ത്യൻ ശിക്ഷാ നിയമം 175, 178, 179, 180, 228 എന്നീ വകുപ്പുകളുടെ പരിധിയിൽ വരുന്ന പ്രവർത്തികൾ ഏതൊരാളിന്റെ ഭാഗത്തുനിന്നുണ്ടായാലും ടിയാൾക്കെതിരെ നിയമ പ്രകാരം കേസ് എടുക്കുന്നതിനും, അത്തരം കേസ് വിചാരണ ചെയ്യാൻ അധികാരമുള്ള ഒരു മജിസ്ട്രേറ്റിന് കൈമാറാനുള്ള അധികാരം കമ്മീഷന് ഉണ്ടായിരിക്കുന്നതും, അപ്രകാരം ലഭിക്കുന്ന കേസ്, മജിസ്ട്രേറ്റ്, 1973-ലെ ക്രിമിനൽ നടപടി നിയമ സംഹിതയിലെ 346-ാം വകുപ്പ് പ്രകാരം

ലഭിച്ചതായി പരിഗണിച്ച്
കുറ്റാരോപിതനെതിരെയുള്ള പരാതി
കേൾക്കേണ്ടതും ഉചിതമായ നടപടി
സ്വീകരിക്കേണ്ടതുമാണ്.

(3) ഏതൊരു പരാതിയും അപ്പീലും തീർപ്പ്
കൽപ്പിക്കുന്ന അവസരത്തിൽ, ജില്ലാ പരാതി
പരിഹാര ഓഫീസർ ശിപാർശ ചെയ്ത പരിഹാര
മതിയായ കാരണം കൂടാതെ
നിഷേധിച്ചുകൊണ്ടോ ബോധപൂർവ്വം
അവഗണിച്ചുകൊണ്ടോ കുറ്റം ചെയ്തതായി
കമ്മീഷൻ കണ്ടെത്തുന്ന ഏതൊരു
പൊതുസേവകനും അതോറിറ്റിക്കും മേൽ
അയ്യായിരം രൂപയിൽ കവിയാത്ത പിഴ ശിക്ഷ
ചുമത്താൻ അധികാരമുണ്ടായിരിക്കുന്നതാണ്.

(4) 33-ാം വകുപ്പ് പ്രകാരം ചുമത്തുന്ന പിഴ ശിക
നിശ്ചയിക്കുന്നതിലേക്കായി കുറ്റാരോപിതനെ
കേൾക്കുന്നതിന് മതിയായ അവസരം
നൽകേണ്ടതാണ്. കമ്മീഷന് ഏതൊരു
അംഗത്തേയും അന്വേഷണച്ചുമതല
ഏൽപ്പിക്കാവുന്നതാണ്.

(5) കമ്മീഷനോ കമ്മീഷൻ അന്വേഷണച്ചുമതല
ഏൽപ്പിക്കുന്ന അംഗത്തിനോ കേസിന്റെ
വസ്തുതകളും സാഹചര്യവുമായി ബന്ധപ്പെട്ട/
പരിചിതനായ ഒരു വ്യക്തിയെ സമൻസ് അയ
വിളിച്ച് വരുത്തുന്നതിനും അയാളുടെ സാന്നിദ്ധ്യ
നിയമപരമായി ഉറപ്പ് വരുത്തുന്നതിനും അയാ
വിസ്തരിക്കുന്നതിനും അന്വേഷണം നടത്തുന്ന
സംഗതിക്ക് സഹായകരമോ
പ്രസക്തമായതായോ കരുതപ്പെടുന്ന ഏതൊര
രേഖയും ഹാജരാക്കാൻ ആവശ്യപ്പെടുന്നതിനും
അധികാരമുണ്ട്. അങ്ങനെ നടത്തുന്ന
അന്വേഷണത്തിൽ, ജില്ലാ പരാതി പരിഹാര
ഓഫീസർ ശിപാർശ ചെയ്ത പരിഹാരം,
മതിയായ കാരണം കൂടാതെ നിഷേധിക്കുകയോ
അല്ലെങ്കിൽ അങ്ങനെയുള്ള ശിപാർശ
ബോധപൂർവ്വം അവഗണിക്കുകയോ ചെയ്തതായ
ബോധ്യപ്പെട്ടാൽ, 33-ാം വകുപ്പിലെ
വ്യവസ്ഥകൾക്ക് അനുസൃതമായ പിഴശിക്ഷ
ചുമത്താൻ കമ്മീഷന് അധികാരമുണ്ട്.

(6) പരാതിക്കാരന് ഏതെങ്കിലും അവകാശമോ
ആനുകൂല്യമോ നൽകാതിരുന്നതായി കണ്ടാൽ
അത് ഉറപ്പ് വരുത്തുന്ന നിയമത്തിലേയോ,
ചട്ടങ്ങളിലേയോ വ്യവസ്ഥകൾ നടപ്പിൽ
വരുത്തുവാൻ ആവശ്യമായ സത്വര നടപടികൾ

| | | | |
|---|---|---|---|
| | | | സ്വീകരിക്കുന്നതിന് ഏതൊരു പൊതുസേവകനോ പൊതു അതോറിറ്റിക്കോ നിർദ്ദേശം നൽകാനുള്ള അധികാരം കമ്മീഷനുണ്ട്.<br><br>(7) കമ്മീഷൻ മുമ്പാകെ ഫയൽ ചെയ്ത പരാതികൾ യുക്താനുസരണം തുടർ നടപടികൾക്കായി ജില്ലാ പരാതി പരിഹാര ഓഫീസർക്ക് കൈമാറുന്നതിനുള്ള അധികാരമുണ്ട്.<br><br>(8) നിയമത്തിന്റെ ഉദ്ദേശലക്ഷ്യം പൂർണ്ണമായും കൈവരിക്കുന്നതിനായി കമ്മീഷന് ജനങ്ങൾക്കിടയിൽ വ്യാപകമായ പ്രചരണം നടത്താവുന്നതാണ്.<br><br>(9) ഭക്ഷണവും പോഷകാഹാര സംരക്ഷണവും വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ മറ്റ് അധികാരങ്ങളും, സർക്കാരിന്റെ മുൻകൂർ അനുമതിയോടെ, കമ്മീഷന് വിനിയോഗിക്കാവുന്നതാണ്.<br><br>സംസ്ഥാന ഭക്ഷ്യ ഭദ്രതാ ചട്ടം, 2018-ന്റെ ചട്ടം 39(1) പ്രകാരം നിയമ വകുപ്പിലെ ജോയിന്റ് സെക്രട്ടറി പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥനെയാണ് മെമ്പർ സെക്രട്ടറിയായി നിയമിക്കുന്നത്. |
| (ബി) | കമ്മീഷൻ യോഗം ചേരുന്നത് എപ്പോഴാണെന്നും കമ്മിഷൻ ഇതുവരെ എത്ര യോഗങ്ങൾ ചേർന്നിട്ടുണ്ടെന്നും എത്ര പരിശോധനകൾ നടത്തിയിട്ടുണ്ടെന്നും കമ്മീഷൻ എത്ര ശിപാർശകളാണ് സർക്കാരിന് സമർപ്പിച്ചതെന്നും ഇതിൽ എന്തെല്ലാമാണ് സർക്കാർ നടപ്പാക്കിയതെന്നും വിശദമാക്കാമോ; കമ്മീഷന്റെ ശിപാർശകളും റിപ്പോർട്ടുകളും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും മറ്റ് രീതികൾ അവലംബിക്കുകയും ചെയ്യുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | ചെയർമാന്റെ നിർദ്ദേശത്തിന് വിധേയമായിട്ടാണ് കമ്മീഷൻ യോഗം ചേരുന്നത്. കമ്മീഷൻ ഇതുവരെ 44 യോഗങ്ങൾ ചേർന്നിട്ടുണ്ട്. സംസ്ഥാന ഭക്ഷ്യ കമ്മീഷൻ വിവിധ ജില്ലകളിലെ റേഷൻ കടകൾ, NFSA/FCI ഗോഡൗണുകൾ, സ്കൂളുകൾ, അങ്കണവാടികൾ, ന്യൂമെടിക്സ് യൂണിറ്റുകൾ എന്നിവിടങ്ങളിലായി നിരവധി പരിശോധനകൾ നടത്തിയിട്ടുണ്ട്.<br><br>കമ്മീഷന്റെ ശിപാർശകൾ **അനുബന്ധം - 1** ആയി ചേർക്കുന്നു.<br><br>കമ്മീഷന്റെ ശിപാർശകളിൻമേൽ ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് നടപടി സ്വീകരിക്കുന്നത് പരിശോധിച്ചു വരുന്നു.<br><br>കമ്മീഷന്റെ വെബ്.സൈറ്റ് ലോഞ്ച് ചെയ്തിട്ടുണ്ട്. ആയത് പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുന്ന മുറയ്ക്ക് കമ്മീഷൻ പ്രവർത്തനങ്ങൾ/റിപ്പോർട്ടുകൾ പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതാണ്. |
| (സി) | വയനാട് ജില്ലയിലെ പട്ടികജാതി, പട്ടികവർഗ്ഗ | (സി) | വയനാട് ജില്ലയിലെ പട്ടികജാതി, പട്ടികവർഗ്ഗ |

| | | |
|---|---|---|
| | വിഭാഗങ്ങൾ ഉൾപ്പെടെയുള്ളവരുടെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് കമ്മീഷൻ എന്തെല്ലാം ശിപാർശകൾ നൽകിയെന്നും അതിൽ ഏതൊക്കെ നടപ്പാക്കിയെന്നും വ്യക്തമാക്കാമോ; | വിഭാഗങ്ങൾ ഉൾപ്പെടെയുള്ളവരുടെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് കമ്മീഷന്റെ ശിപാർശകൾ താഴെപ്പറയുന്നവയാണ്.<br><br>1. ഒരു കിലോമീറ്റർ ചുറ്റളവിൽ റേഷൻകട ഇല്ലാത്ത ആദിവാസി കോളനികളിൽ റേഷൻസാധനങ്ങൾ നേരിട്ടെത്തിക്കുക.<br><br>2. പുതുതായി റേഷൻകാർഡ് ലഭിച്ച മുഴുവൻ ആദിവാസി വിഭാഗത്തിൽപ്പെട്ട അർഹരായവർക്കും എ.എ.വൈ കാർഡ് അടിയന്തരമായി വിതരണം ചെയ്യുക.<br><br>3. ഒറ്റപ്പെട്ട ആദിവാസി പ്രദേശങ്ങളിൽ താമസിക്കുന്ന റേഷൻകാർഡില്ലാത്തവരെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹകരണത്തോടെ കണ്ടെത്തി അദാലത്ത് സംഘടിപ്പിച്ച് റേഷൻകാർഡും ആധാർകാർഡും നൽകുന്നതിന് സംവിധാനമൊരുക്കുക.<br><br>4. എ.എ.വൈ, മുൻഗണന വിഭാഗങ്ങൾക്ക് സമാനമായ അളവിൽ ആട്ട വിതരണം നടത്തുന്ന വിഷയം പരിശോധിക്കുക.<br><br>5. പട്ടികവർഗ്ഗത്തിൽപ്പെട്ട ഗർഭിണിയായ സ്ത്രീകൾക്കുള്ള ജനനി ജൻമ രക്ഷ പദ്ധതി പ്രകാരമുള്ള ആനുകൂല്യം അർഹതപ്പെട്ടവർക്ക് ലഭിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പും സാമൂഹ്യനീതി വകുപ്പും ഫലപ്രദമായി ഇടപെടുന്നുണ്ട് എന്നുറപ്പ് വരുത്തുക.<br><br>6. ജനനി സുരക്ഷ യോജന പദ്ധതി പ്രകാരമുള്ള കേന്ദ്രസർക്കാർസഹായമായ 6000/- രൂപ അർഹരായവർക്ക് ലഭ്യമാക്കുന്നതിന് വനിതാ ശിശു വികസന വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടു വരിക.<br><br>7. എല്ലാ ഗോത്രവർഗ്ഗ മേഖലകളിലും മൊബൈൽ റേഷൻകടകൾ ആരംഭിക്കുന്നതിനും ടി വിഭാഗത്തിന്റെ മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുക.<br><br>8. ഗോത്രവർഗ്ഗ മേഖലയിലെ പരമ്പരാഗത ഭക്ഷ്യധാന്യങ്ങളായ നെല്ല്, ചാമ, റാഗി, തിന എന്നിവയും കിഴങ്ങ് വർഗ്ഗങ്ങളും, ഇലവർഗ്ഗങ്ങളും, പഴങ്ങളും കൃഷി ചെയ്യുന്നതിനായി കൃഷി ഭൂമി നൽകുക തനത് കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുക.<br><br>9. ഗോത്രവർഗ്ഗ സംസ്കൃതിയുടെ ഭാഗമായ തനത് ഭക്ഷ്യ വസ്തുക്കൾ വനങ്ങളിൽ നിന്നും ശേഖരിക്കുന്നതിന് അനുമതി നൽകുക.<br><br>10. പരമ്പരാഗത കൃഷിരീതികളിൽ ഗോത്രവർഗ്ഗക്കാർക്ക് പരിശീലനം നൽകുക. |

| | | | |
|---|---|---|---|
| | | | 11. ഗോത്രവർഗ്ഗ ജനതയുടെ തനത് നാട്ടറിവുകൾ, കൃഷിരീതികൾ എന്നിവ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.<br>12. പരമ്പരാഗത ഭക്ഷണത്തിന്റെ പ്രാധാന്യം, പോഷകമൂല്യം എന്നിവയെക്കുറിച്ച് ഗോത്രവർഗ്ഗ ജനതയ്ക്ക് ബോധവത്കരണം നൽകി ആയത് കുട്ടികളിൽ നിന്നും ആരംഭിക്കുക.<br>13. അവരുടെ തനത് ഭക്ഷണരീതിയും പാചകരീതികളും അന്യം നിന്ന് പോകുന്നതിനാൽ കമ്മ്യൂണിറ്റി കിച്ചൺ ഒഴിവാക്കി ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കികൊടുത്ത് ഭക്ഷണം സ്വയം പാകം ചെയ്യുന്നതിന് പ്രാപ്തരാക്കുക.<br>കമ്മീഷന്റെ ശിപാർശകളിൻമേൽ ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് നടപടി സ്വീകരിക്കുന്നത് പരിശോധിച്ചു വരുന്നു. |
| (ഡി) | ഭക്ഷ്യകമ്മീഷന് നേരിട്ട് എത്ര പരാതികളാണ് ഇതുവരെ ലഭിച്ചിട്ടുള്ളതെന്നും ഈ പരാതികളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ; | (ഡി) | 123 പരാതികൾ ലഭിച്ചിട്ടുണ്ട്. ലഭ്യമാകുന്ന പരാതികളിൻമേൽ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും റിപ്പോർട്ട് വാങ്ങി തുടർനടപടികൾ സ്വീകരിച്ച് പരാതി പരിഹരിച്ച് വരുന്നു. വകുപ്പ് തലത്തിൽ നടപടി സ്വീകരിക്കേണ്ടവ ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചുകൊടുത്ത് നടപടി സ്വീകരിച്ചെന്ന് ഉറപ്പു വരുത്തുന്നുമുണ്ട്. |
| (ഇ) | സംസ്ഥാനത്ത് ഭക്ഷ്യഭദ്രതാ നിയമപ്രകാരം സംസ്ഥാന, ജില്ലാ, താലൂക്ക്, റേഷൻകട തലത്തിൽ വിജിലൻസ് കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ടോയെന്നും ഈ കമ്മിറ്റികൾ ഇതു വരെ എത്ര യോഗം ചേർന്നുവെന്നും അതാത് വിജിലൻസ് കമ്മിറ്റികൾ പരാതികൾ കമ്മീഷന് കൈമാറുകയാണോ പതിവെന്നും ഇങ്ങനെ എത്ര പരാതികൾ കമ്മീഷന് കൈമാറിയെന്നും വ്യക്തമാക്കാമോ; | (ഇ) | ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013, സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം, 2018 എന്നിവയുടെ അടിസ്ഥാനത്തിൽ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്ന സംസ്ഥാന, ജില്ല, താലൂക്ക്, റേഷൻകട തല വിജിലൻസ് കമ്മിറ്റികൾ നാളിതുവരെ ചേർന്നിട്ടുള്ള യോഗങ്ങളുടെ എണ്ണം താഴെപ്പറയും പ്രകാരമാണ്.<br>സംസ്ഥാനതലം - 02 എണ്ണം<br>ജില്ലാതലം - 68 എണ്ണം<br>താലൂക്ക്തലം - 227 എണ്ണം<br>റേഷൻകടതലം - 15227 എണ്ണം<br>വിജിലൻസ് കമ്മിറ്റികളിൽ ലഭിക്കുന്ന പരാതികൾ, ജില്ലാ പരാതി പരിഹാര ഓഫീസർക്കാണ് കൈമാറുന്നത്. ടി പരാതികളിൻമേലുള്ള അപ്പീലുകളാണ് കമ്മീഷന്റെ പരിഗണനയ്ക്കായി വരുന്നത്.<br>നാളിതുവരെ വിജിലൻസ് കമ്മിറ്റികളിൽ നിന്നും പരാതികളൊന്നും തന്നെ കമ്മീഷന് കൈമാറിയിട്ടില്ല. |
| (എഫ്) | ഭക്ഷ്യഭദ്രത നിയമപ്രകാരം ജില്ലാതല | (എഫ്) | ജില്ലാതല പരാതി പരിഹാര ഓഫീസർമാരിൽ നിന്ന് |

| | | | |
|---|---|---|---|
| | തർക്കപരിഹാര ഓഫീസർമാരായ ഉദ്യോഗസ്ഥർ ഇതു വരെ എന്തെല്ലാം അന്വേഷണങ്ങൾ നടത്തി സർക്കാരിന് റിപ്പോർട്ട് കൈമാറിയിട്ടുണ്ടെന്നും ഭക്ഷ്യഭദ്രത നിയമത്തിലെ സംസ്ഥാനത്തെ ചട്ടങ്ങളിൽ സർക്കാർ ഭേദഗതി വരുത്തിയിട്ടുണ്ടോയെന്നും എങ്കിൽ എന്തെല്ലാമാണ് ഭേദഗതികൾ എന്നും വിശദമാക്കാമോ? | | നാളിതുവരെ റിപ്പോർട്ടുകളൊന്നും തന്നെ ലഭ്യമായിട്ടില്ല.<br><br>27.08.2022 ലെ എസ്.ആർ.ഒ നം.846 പ്രകാരം, സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം, 2018 ന്റെ ചട്ടം 47 പ്രകാരമുള്ള റേഷൻകടതല വിജിലൻസ് കമ്മിറ്റിയുടെ ഘടനയിൽ, യോഗം ചേരുന്നതിനുള്ള സൗകര്യാർത്ഥം, ഭേദഗതി വരുത്തിയിരുന്നു. ഭേദഗതിയുടെ പകർപ്പ് **അനുബന്ധം - 2 ആയി** ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

## ഭക്ഷ്യകമ്മീഷന്റെ ശിപാർശകൾ

1) എ.എ.വൈ, മുൻഗണനാ വിഭാഗങ്ങളിലെ അനർഹരെ കണ്ടെത്തി ഒഴിവാക്കുക.

2. മുൻഗണനാ നിർണ്ണയത്തിനായി നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങളിൽ ഭൂവിസ്തീർണ്ണം, വീടിന്റെ വിസ്തീർണ്ണം എന്നിങ്ങനെയുള്ളവ പരിഷ്കരിക്കുക.

3. ആശ്രയലിസ്റ്റ് കാലോചിതമായി പരിഷ്കരിക്കുക.

4. മുൻഗണനേതര സബ്സിഡി വിഭാഗത്തിലെ അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുക.

5. നെല്ലുസംഭരണ വേളയിൽ എടുക്കുന്ന സാമ്പിൾ പായ്ക്കറ്റുകൾ സപ്ലൈകോയുടെ കൈവശം സൂക്ഷിക്കണമെന്ന വ്യവസ്ഥ കർശനമായി പാലിക്കുക.

6. നെല്ല് സംഭരണ മില്ലുകളിൽ നെൽചാക്കുകൾ അട്ടിയിട്ട് സൂക്ഷിക്കുന്നതിനുള്ള വ്യവസ്ഥകൾ കൃത്യമായി പാലിക്കുക.

7. സ്കൂളിന്റെ ഉച്ചഭക്ഷണ പദ്ധതിയിൽ സി.എം.ആർ അരി കൂടി ഉൾപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കുക.

8. ശേഖരണ സമയത്ത് നെല്ലിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുക.

9. സംസ്ഥാനത്തെ റേഷൻഷോപ്പുകളിൽ ഇവിടെ ഉത്പാദിപ്പിക്കുന്ന സി.എം.ആർ വിതരണം ചെയ്യുന്നതിന് കേന്ദ്രപൂളിൽ ആവശ്യമായ മാറ്റം വരുത്താനാവുമോ എന്നതിന്റെ സാധ്യത പരിശോധിക്കുക.

10. എഫ്.സി.ഐയിൽ നിന്ന് വിട്ടെടുക്കുന്ന ധാന്യത്തിന്റെ ഗുണനിലവാരം സാമ്പിളിൽ നിന്ന് വ്യത്യസ്തമാണെങ്കിൽ, അത് ഉടനടി എഫ്.സി.ഐ-യെ അറിയിച്ച് പരിഹാരം കാണുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുക.

11. ആദിവാസി മേഖലകളിലെ ജനങ്ങൾക്ക് അർഹമായ റേഷൻവിഹിതം സംബന്ധിച്ച് ബോധവൽക്കരണവും ഉദ്യോഗസ്ഥർക്ക് പരിശീലനവും നൽകുക.

12. വിജിലൻസ് കമ്മിറ്റികൾ എല്ലാ തലത്തിലും നിലവിൽ വന്നുവെന്ന് ഉറപ്പു വരുത്തുക.

13. പരിശോധനയിൽ കണ്ടെത്തുന്ന കാര്യങ്ങളിൽ ശരിയായ തുടർനടപടി സ്വീകരിക്കുക.

14. വാതിൽപ്പടി വിതരണ കോൺട്രാക്ടറുടെ തെരഞ്ഞെടുപ്പ് സത്യസന്ധവും നീതിപൂർവ്വവുമായി നടക്കുന്നു എന്ന് ഉറപ്പു വരുത്തുക.

15. വാതിൽപ്പടി വിതരണത്തിൽ തൂക്കകൃത്യത പാലിക്കുക.

16. സ്ഥലസൗകര്യമുൾപ്പെടെ ഭൗതിക സാഹചര്യങ്ങളുള്ള എഫ്.സി.ഐ ഗോഡൗണുകളിൽ നിന്ന് ഭക്ഷ്യധാന്യങ്ങൾ നേരിട്ട് റേഷൻകടകളിലേക്ക് FIFO പാലിച്ചുകൊണ്ട് സപ്ലൈകോ മുഖേന വിതരണം നടത്തുന്നതിന്റെ സാധ്യത പരിശോധിക്കുക.

17. മുൻഗണനാ കുടുംബത്തിന്റെ റേഷൻവിഹിതത്തെ അപേക്ഷിച്ച്, 7 അംഗങ്ങളിൽക്കൂടുതലുള്ള എ.എ.വൈ കുടുംബങ്ങളുടെ വിഹിതം അപര്യാപ്തമാണെന്ന വസ്തുത കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരിക.

18. ഒരു കിലോമീറ്റർ ചുറ്റളവിൽ റേഷൻകട ഇല്ലാത്ത ആദിവാസി കോളനികളിൽ റേഷൻസാധനങ്ങൾ നേരിട്ടെത്തിക്കുക.

19. പുതുതായി റേഷൻകാർഡ് ലഭിച്ച മുഴുവൻ ആദിവാസി വിഭാഗത്തിൽപ്പെട്ട അർഹരായവർക്കും എ.എ.വൈ കാർഡ് അടിയന്തരമായി വിതരണം ചെയ്യുക.

20. ഒറ്റപ്പെട്ട ആദിവാസി പ്രദേശങ്ങളിൽ താമസിക്കുന്ന റേഷൻകാർഡില്ലാത്തവരെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹകരണത്തോടെ കണ്ടെത്തി അദാലത്ത് സംഘടിപ്പിച്ച് റേഷൻകാർഡും ആധാർകാർഡും നൽകുന്നതിന് സംവിധാനമൊരുക്കുക.

21. അനർഹമായ മുൻഗണനാ കാർഡുകൾ തിരിച്ചേൽപ്പിക്കുന്നതിന് ഒരു ക്യാമ്പയിൻ നടത്തി നിശ്ചിത സമയം അനുവദിക്കുക.

22. എ.എ.വൈ, മുൻഗണന വിഭാഗങ്ങൾക്ക് സമാനമായ അളവിൽ ആട്ട വിതരണം നടത്തുന്ന വിഷയം പരിശോധിക്കുക.

23. അങ്കണവാടികൾ വഴി ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമുള്ള പോഷകാഹാര വിതരണം കാര്യക്ഷമമാക്കുക.

24. പട്ടികവർഗ്ഗത്തിൽപ്പെട്ട ഗർഭിണിയായ സ്ത്രീകൾക്കുള്ള ജനനി ജൻമ രക്ഷ പദ്ധതി പ്രകാരമുള്ള ആനുകൂല്യം അർഹതപ്പെട്ടവർക്ക് ലഭിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പും സാമൂഹ്യനീതി വകുപ്പും ഫലപ്രദമായി ഇടപെടുന്നുണ്ട് എന്നുറപ്പ് വരുത്തുക.

25. ജനനി സുരക്ഷ യോജന പദ്ധതി പ്രകാരമുള്ള കേന്ദ്രസർക്കാർസഹായമായ 6000/- രൂപ അർഹരായവർക്ക് ലഭ്യമാക്കുന്നതിന് വനിതാ ശിശു വികസന വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടു വരിക.

26. റേഷൻകടതല വിജിലൻസ് കമ്മിറ്റികളുടെ പരിശോധനയിൽ, അങ്കണവാടികൾ വഴി കുട്ടികൾക്ക് നൽകുന്ന ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരവും വിലയും ലഭ്യതയും കൂടി പരിശോധിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തുക.

27. സംസ്ഥാനത്തെ മുഴുവൻ അനാഥാലയങ്ങൾക്കും വൃദ്ധസദനങ്ങൾക്കും സർക്കാർ അംഗീകൃത ഹോസ്റ്റലുകൾക്കും നിയമാനുസൃതം ലഭിക്കേണ്ട റേഷൻവിഹിതം കിട്ടുന്നുണ്ടെന്നും ആയത് ബന്ധപ്പെട്ട വകുപ്പുകൾ യഥാസമയം പരിശോധിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തുക.

28. മുൻഗണനാ വിഭാഗങ്ങൾക്ക് കേന്ദ്രം നിശ്ചയിച്ച ക്വാട്ട വർദ്ധിപ്പിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുക.

29. അങ്കണവാടികളുടെ പ്രവർത്തനത്തിനായി പഞ്ചായത്തുകളിൽ നിന്ന് തുക അനുവദിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക.

30. അമൃതം പൊടി യൂണിറ്റിൽ ജോലി ചെയ്യുന്നവർക്ക് ഫുഡ് സേഫ്റ്റി സംബന്ധിച്ച പരിശീലന ക്ലാസ് നൽകുക.

31. ഒരു കിലോമീറ്റർ ചുറ്റളവിൽ അങ്കണവാടികൾ ആരംഭിക്കുക.

32. എല്ലാ ഗോത്രവർഗ്ഗ മേഖലകളിലും മൊബൈൽ റേഷൻകടകൾ ആരംഭിക്കുന്നതിനും ടി വിഭാഗത്തിന്റെ മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുക.

33. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ ICDS പ്രവർത്തനത്തിനുള്ള തുക വകയിരുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക.

34. സ്കൂളുകൾക്കുള്ള പാചകവാതകത്തിന് സബ്സിഡി നൽകുക.

35. സ്കൂൾ കുട്ടികൾക്ക് മുട്ട നൽകുന്നതിന് പര്യാപ്തമായ രീതിയിൽ ഉച്ച ഭക്ഷണത്തിനുള്ള തുക വർദ്ധിപ്പിക്കുക.

36. ന്യൂട്രിമിക്സിന്റെ ഗുണമേന്മയ്ക്കും യൂണിറ്റ് ലൈസൻസിനും വേണ്ടി നടത്തുന്ന പരിശോധനകൾ സൗജന്യമാക്കുക.

37. ന്യൂട്രിമിക്സിനായി നൽകുന്ന ഗോതമ്പിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നത് സംബന്ധിച്ച് എഫ്.സി.ഐ യുടെ ശ്രദ്ധയിൽപ്പെടുത്തുക.

38. ന്യൂട്രിമിക്സിനുള്ള ഗോതമ്പ് സൂക്ഷിക്കുന്നതിനായി ജില്ലാ കുടുംബശ്രീ മിഷന്റെ ആഭിമുഖ്യത്തിൽ സംഭരണ കേന്ദ്രങ്ങൾ നിർമ്മിക്കാനുള്ള നടപടി സ്വീകരിക്കുക.

39. അങ്കണവാടി കുട്ടികൾക്കുള്ള ഉച്ച ഭക്ഷണത്തിൽ പച്ചക്കറികൾകൂടി ഉൾപ്പെടുത്തുക.

40. ആദിവാസി മേഖലകളിലെ ഗർഭിണികൾക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

41. സ്കൂൾ പാഠ്യപദ്ധതികളിൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം ഉൾപ്പെടുത്തുക.

42. സ്കൂളുകളിലും അങ്കണവാടികളിലും പാചകത്തിന് ഉപയോഗിക്കുന്ന ശുദ്ധജലത്തിന്റെ ഗുണനിലവാര പരിശോധന അതാത് സർക്കാർ/വാട്ടർ അതോറിറ്റി ലാബുകളിൽ നടത്താനുള്ള സംവിധാനം ഉണ്ടാക്കുക.

43. 2019 ജൂൺ മുതൽ സ്കൂളുകളുടെ ഉച്ചഭക്ഷണ മെനുവിൽ ഒരു കറി ഒഴിവാക്കിയ ഉത്തരവ് പുനഃപരിശോധിക്കുക.

**സെക്ഷൻ ഓഫീസർ**

Prnmnno - 2

©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>ശനി<br>Thiruvananthapuram,<br>Saturday | 2022 ആഗസ്റ്റ് 27<br>27th August 2022<br>1198 ചിങ്ങം 11<br>11th Chingam 1198<br>1944 ഭാദ്രം 5<br>5th Bhadra 1944 | നമ്പർ<br>No. | 2912 |

GOVERNMENT OF KERALA

**Food and Civil Supplies (B) Department**

NOTIFICATION

G.O. (P) No. 8/2022/F&CSD. *Dated, Thiruvananthapuram, 23rd August, 2022*
*7th Chingam, 1198*
*1st Bhadra, 1944.*

**S. R. O. No. 846/2022**

WHEREAS, in exercise of the powers conferred under sub-section (1) of section 40 of the National Food Security Act, 2013 (Central Act 20 of 2013), the Kerala Food Security Rules, 2018 was published as per notification issued under G. O. (P) No. 5/2018/F&CSD dated 16th may, 2018 and published as S.R.O. No. 356/2018 in the Kerala Gazette Extraordinary No. 1471 dated 2nd June, 2018;

AND WHEREAS, Government have experienced certain difficulties in conducting the meeting of the Fair Price Shop Vigilance Committees due to certain discrepancies in the existing structure of the

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

committee as provided in rule 47 of the said rules and hence decided to amend the said rules for the effective convening of the said committee;

AND WHEREAS, the draft rules to amend rule 47 of the said rules was published under section 40 of the National Food Security Act, 2013 (Central Act 20 of 2013) as per notification issued under G. O. (P) No. 2/2022/F&CSD dated 17th May, 2022 and published in the Kerala Gazette Extraordinary No. 1632 dated 20th May, 2022;

AND WHEREAS, no objection or suggestion was received on the draft rules within the time limit specified therein;

NOW, THEREFORE, in exercise of the powers conferred by sub-section (1) of section 40 of the National Food Security Act, 2013 (Central Act 20 of 2013) the Government of Kerala hereby make the following rules further to amend the Kerala Food Security Rules, 2018, namely:—

RULES

1. *Short title and commencement.*—(1) These rules may be called the Kerala Food Security (Amendment) Rules, 2022.

(2) They shall come into force at once.

2. *Amendment of the Rules.*— In the Kerala Food Security Rules, 2018, in rule 47,—

(i) in sub-rule (1).—

(a) in item (i) for the words "Any Standing Committee" the words and symbols "Mayor/Deputy Mayor" shall be substituted;

(b) in item (iv), after the words "One representative of each political pary having representation in local authority", the words "and in the Legislative Assembly" shall be inserted;

(ii) in sub-rule (6), after the words "The Chairman of the Fair Price Shop Level Vigilance Committee shall preside over the meeting and in his absence," the words "the Ward Member shall preside over the meeting and in his absence" shall be inserted.

By order of the Governor,

P. M. ALI ASGAR PASHA,
*Secretary to Government.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

For the reasons stated in the notification, the Government have decided to incorporate provisions for the effective convening of the Fair Price Shop Level Vigilance Committee by amending rule 47 of the Kerala Food Security Rules, 2018.

The notification is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2022.08.27 09:19:33 +05: